# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4671 26.10.2016-ലെ മറുപടി

## കോലുമാട് ശുദ്ധജല പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മുരളി പെരുനെല്ലി : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്, മണലൂർ പഞ്ചായത്തുകൾക്കായുള്ള കോലുമാട് ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ & ബി മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്, മണലൂർ പഞ്ചായത്തുകൾക്കായുള്ള കോലുമാട് എന്ന ശുദ്ധജല പദ്ധതി നിലവിൽ ഇല്ല. എന്നാൽ മണലൂർ മണ്ഡലത്തിലെ പുരോഗമിക്കുന്ന കുടിവെള്ള പദ്ധതിയായ മണലൂർ വെങ്കിടങ്ങ് പദ്ധതി പൂർത്തീകരിച്ചാൽ വെങ്കിടങ്ങ് പഞ്ചായത്തിലെ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്. ഈ പദ്ധതി എച്ച്.ടി ഇലക്ട്രിക്കൽ കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കും. ഇതിനു വേണ്ടി ഏളരി പമ്പ് ഹൗസിന്റെ ഇലക്ട്രിക്കൽ സ്റ്റാന്റൈഡെസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് കെ.എസ്.ഇ.ബി-യുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

Renuka Sankar
സെക്ഷൻ ഓഫീസർ